മുല്ലപ്പെരിയാർ അണക്കെട്ടിൽ നിന്നും വെള്ളം ഒഴുകി എത്തിച്ചേരുന്ന ജലസംഭരണികൾ

122 [125] ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:
പ്രൊഫ. എ. ഡി മുസ്തഫ:
ശ്രീ. വി. ഡി. സതീശൻ:
,, എം. കെ. പോൾസൺ മാസ്റ്റർ:
,, എം. പി. ഗംഗാധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ അണക്കെട്ടിൽ എത്രയടിയിൽ കൂടുതൽ വെള്ളമുള്ളപ്പോഴാണ് അതിൽ നിന്നും വെള്ളം ഒഴുകി കേരളത്തിന്റെ വൈദ്യുതോൽപ്പാദനത്തിനുള്ള ജലസംഭരണികളിൽ എത്തിച്ചേരുന്നത്;

(ബി) ഏതെല്ലാം ജലസംഭരണികളിലാണ് ഈ വെള്ളം ഒഴുകി എത്തുന്നത്;

(സി) മുല്ലപ്പെരിയാർ അണക്കെട്ടിൽ നിന്നും വെള്ളം ഒഴുകി എത്താത്തതു മൂലം ഏതെല്ലാം ജലസംഭരണികളിലാണ് ആവശ്യത്തിന് ജലം സംഭരിക്കാൻ കഴിയാത്തത്;

(ഡി) ഇടുക്കി മുതലായ ജലസംഭരണികളിൽ ജലസംഭരണത്തിന്റെ തോത് കുറഞ്ഞപ്പോൾ അതിന്റെ കാരണങ്ങളെന്തെന്ന് അന്വേഷിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ വ്യക്തമാക്കാമോ;

(എഫ്) ഏറ്റവും ഒടുവിൽ ഇടുക്കി ജലസംഭരണി നിറഞ്ഞതെന്നാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 136 അടിയിൽ കൂടുതൽ വെള്ളമുള്ളപ്പോൾ.

(ബി) ഇടുക്കി ജലസംഭരണിയിലും, ഇടുക്കിയിൽ നിന്നും വൈദ്യുതോൽപ്പാദനത്തിനുശേഷം തുറന്നു വിടുന്ന ജലം മൂവാറ്റുപുഴ ഇറിഗേഷൻ പദ്ധതിയുടെ മലങ്കര ഡാമിലും എത്തിച്ചേരുന്നു.

(സി) ഇടുക്കി ജലസംഭരണിയിൽ.

(ഡി) ഉണ്ട്.

(ഇ) 2002-2003 കാലയളവിൽ ഇടുക്കി ഡാമിന്റെ വൃഷ്ടിപ്രദേശങ്ങളിൽ ഉണ്ടായ മഴയുടെ ദൗർലഭ്യവും വൈദ്യുതിയുടെ അധിക ഉപഭോഗവും ജലസംഭരണിയിലെ വെള്ളം കുറയാൻ കാരണമായി.

(എഫ്) 1992-ൽ.

LIBRARY ARCHIVES Kerala Legislative Assembly